ഉത്തരം

(എ) മുഖ്യമന്ത്രി, വ്യവസായ വകുപ്പുമന്ത്രി, ധനകാര്യ വകുപ്പുമന്ത്രി എന്നിവരെ കൂടാതെ വിദേശപര്യടനം നടത്തിയ എല്ലാ മന്ത്രിമാരുടെയും ലക്ഷ്യം വ്യവസായം ഉൾപ്പടെ വ്യത്യസ്ത വികസന മേഖലകളിലുള്ള കേരളത്തിന്റെ ഉന്നതിയായിരുന്നു. മന്ത്രിമാരുടെ വിദേശ സന്ദർശനം സംബന്ധിച്ച വിശദവിവരം അനുബന്ധം 1 ൽ ചേർത്തിട്ടുണ്ട്†.

(ബി&സി) കേരളത്തിലെ വ്യവസായ സാദ്ധ്യതകൾ ബോദ്ധ്യപ്പെടുത്തി വിദേശീയരെയും വിദേശ ഇന്ത്യാക്കാരേയും ആകർഷിക്കാൻ സാധിച്ചിട്ടുണ്ട്. ടെക്നോപാർക്കിൽ വിദേശകമ്പനികളുടെ സഹകരണത്തോടെ 20-ൽപരം യൂണിറ്റുകൾ ആരംഭിച്ചു. ഇവയിലെല്ലാം കൂടി ഏകദേശം 3500 ലക്ഷം രൂപ മൂലധന നിക്ഷേപം ഉണ്ടായിട്ടുണ്ട്. കിൻഫ്രയുടെയും കെ.എസ്.ഐ.ഡി.സി.യുടെയും വ്യവസായ സംരംഭങ്ങൾ വിദേശത്തെ വ്യവസായ നിക്ഷേപകർക്കിടയിൽ മതിപ്പുളവാക്കിയിട്ടുണ്ട്. നിരവധി വ്യവസായികൾ നിക്ഷേപ സന്നദ്ധമായി മുന്നോട്ടു വന്നിട്ടുണ്ട്. കെ.എസ്.ഡി.പി. ലിമിറ്റഡ്, കെൽട്രോൺ, ടെൽക്ക് എന്നീ വ്യവസായങ്ങളിൽ നിന്നും ഉല്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിനായി ഓർഡറുകൾ ലഭിക്കുകയും ഇതനുസരിച്ച് കയറ്റുമതി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

**മന്ത്രിമാരുടെ വിമാനയാത്ര**

32(32) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം ഓരോ മന്ത്രിയും എന്തുതുക വീതം വിമാനയാത്രയ്ക്കായി കൈപ്പറ്റിയിട്ടുണ്ട് ;

(ബി) ഈ കാലഘട്ടത്തിൽ ഓരോ മന്ത്രിയും എത്ര പ്രാവശ്യം വീതം വിമാനയാത്ര നടത്തിയിട്ടുണ്ട് ?

ഉത്തരം

(എ&ബി) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു†.

**മന്ത്രിമാർക്കുവേണ്ടി ചെലവായ തുക**

33 (33) ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാർക്ക് വേണ്ടി ശമ്പളം, അലവൻസ്, ഡി.എ., ടി.എ., മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ്, ഹോസ്പിറ്റാലിറ്റി എന്നീ ഇനങ്ങളിൽ ഇതുവരെ എന്തു തുക ചെലവായിട്ടുണ്ട് ;

---

† അനുബന്ധം XVI
† അനുബന്ധം XVII



LIBRARY ARCHIVES Kerala Legislative Assembly

# അനുബന്ധം XVII

**[21-2-2000-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 32(32) ദയവായി കാണുക]**

ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം ഓരോ മന്ത്രിമാർക്കും വിമാനയാത്രയ്ക്കായി ചെലവായ തുക, വിമാനയാത്രയുടെ എണ്ണം എന്നിവ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. (ഇതിൽ വിദേശയാത്രയുടെ വിവരം ഉൾപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്)

| (1) | (2) | വിമാനയാത്ര കൂലിയിനത്തിൽ ചെലവായ തുക (3) | വിമാന യാത്രയുടെ എണ്ണം (4) |
|---|---|---|---|
| 1. | ശ്രീ. ഇ. കെ. നായനാർ (മുഖ്യമന്ത്രി) | 12,54,350 | 53 |
| 2. | ശ്രീ. വി. പി. രാമകൃഷ്ണപിള്ള (ജലസേചന-തൊഴിൽ വകുപ്പുമന്ത്രി) | 60,239 | 6 |
| 3. | ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ (ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി) | 2,45,976 | 11 |
| 4. | ശ്രീ. കെ. ഇ. ഇസ്മയിൽ (റവന്യൂ വകുപ്പുമന്ത്രി) | 4,08,182 | 20 |
| 5. | ശ്രീ. പി. ജെ. ജോസഫ് (വിദ്യാഭ്യാസവും പൊതുമരാമത്തും വകുപ്പുമന്ത്രി) | 4,77,181 | 28 |
| 6. | ശ്രീ. എ. നീലലോഹിതദാസൻ നാടാർ (മുൻ വനവും ഗതാഗതവും വകുപ്പുമന്ത്രി) | 1,73,690 | 9 |
| 7. | ശ്രീ. പാലൊളി മുഹമ്മദുകുട്ടി (തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി) | 4,64,414 | 28 |
| 8. | ശ്രീ. എസ്. ശർമ്മ (വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി) | 52,180 | 2 |
| 9. | ശ്രീ. കെ. രാധാകൃഷ്ണൻ (പിന്നോക്ക പട്ടികവിഭാഗക്ഷേമ വകുപ്പുമന്ത്രി) | 1,41,795 | 6 |
| 10. | ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ (കൃഷി വകുപ്പുമന്ത്രി) | 1,97,340 | 10 |
| 11. | ശ്രീ. ടി. കെ. രാമകൃഷ്ണൻ (ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി) | 5,14,516 | 24 |

LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) | (3) | (4) |
|---|---|---|---|
| 12. | ശ്രീ. എ. സി. ഷൺമുഖദാസ് (മുൻ ആരോഗ്യ വകുപ്പുമന്ത്രി) | 8,09,833 | 40 |
| 13. | ശ്രീ. ടി. ശിവദാസ മേനോൻ (ധനകാര്യ വകുപ്പുമന്ത്രി) | 3,88,703 | 18 |
| 14. | ശ്രീമതി സുശീലാ ഗോപാലൻ (വ്യവസായ വകുപ്പുമന്ത്രി) | 5,34,034 | 33 |
| 15. | ശ്രീ. ബേബി ജോൺ (മുൻ ജലസേചന വകുപ്പുമന്ത്രി) | 2,48,780 | 10 |
| 16. | ശ്രീ. വി. കെ. രാജൻ (മുൻ കൃഷി വകുപ്പുമന്ത്രി) | 78,510 | 3 |
| 17. | ശ്രീ. പിണറായി വിജയൻ (മുൻ വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി) | 3,17,209 | 13 |
| 18. | ശ്രീ. പി. ആർ. കുറുപ്പ് (മുൻ വനവും ഗതാഗതവും വകുപ്പുമന്ത്രി) | 3,78,549 | 28 |

## അനുബന്ധം XVIII

**[21-2-2000-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 33(33) ദയവായി കാണുക]**

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുൾപ്പെടെയുള്ള മന്ത്രിമാർക്ക് വേണ്ടി ഡി.എ., ടി.എ. മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ്, "ഹോസ്പിറ്റാലിറ്റി എന്നീ ഇനങ്ങളിൽ ഇതുവരെ ചെലവായ തുകയെ സംബന്ധിക്കുന്ന താല്ക്കാലിക കണക്ക്.

| | |
|---|---|
| ഡി.എ., ടി.എ | 1,46,63,069 രൂപ (വിമാനയാത്രക്കൂലി ഉൾപ്പെടെ) |
| മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് | 14,75,198 രൂപ |
| ഹോസ്പിറ്റാലിറ്റി ചെലവ് | 40,39,870 രൂപ |

LIBRARY ARCHIVES Kerala Legislative Assembly